**അനുസ്മരണം**

# ഹഫ്സ ഷാജഹാൻ

**പറവൂർ** ഏരിയയിൽ അത്താണി കാർകൂൻ ഹൽഖയിൽ അംഗമായിരുന്നു ഹഫ്സ. ഇസ്‌ലാമിനെ മനസ്സിലാക്കി ജീവിതത്തിൽ പകർത്താൻ ആത്മാർഥമായി ശ്രമിക്കുകയും, താൻ മനസ്സിലാക്കിയ 'ദീൻ' മറ്റുള്ളവർക്കെത്തിച്ചു കൊടുക്കാൻ കഠിന പ്രയത്നം നടത്തുകയും ചെയ്യുമായിരുന്നു.



ജന്മം കൊണ്ടും പേര് കൊണ്ടും മുസ്‌ലിമായി ജനിച്ചെങ്കിലും യഥാർഥ ദീനിനെ മനസ്സിലാക്കാനും ജീവിതത്തിൽ പകർത്താനും കഴിഞ്ഞത് പ്രസ്ഥാനത്തിലൂടെയും ഖുർആൻ പഠന ക്ലാസുകളിലൂടെയുമായിരുന്നുവെന്ന് അവർ പറയുമായിരുന്നു. ഖുർആനിൽ അവർ പഠിച്ചത് മറ്റുള്ളവരുടെ മനസ്സിൽ സ്വാധീനം ചെലുത്തുംവിധം പറഞ്ഞ് ഫലിപ്പിക്കാൻ പ്രത്യേക കഴിവും ഉത്സാഹവുമായിരുന്നു ഹഫ്സക്ക്.

പരലോകത്തെ പരാമർശിക്കുന്ന ആയത്തുകൾ ഓതിക്കേട്ടാൽ, ഖബ്‌റിലെയും നരകത്തിലെയും ശിക്ഷ ഓർത്ത് കണ്ണ് നിറഞ്ഞു പ്രാർഥിക്കുമായിരുന്നു. മരണം എപ്പോഴും നമ്മെ പിടികൂടാം എന്ന് പറഞ്ഞ് ഏത് സമയവും നമ്മൾ വുദുവുള്ളവരായിരിക്കണമെന്നും വുദുവിലൂടെ സ്വർഗത്തിലേക്ക് എത്തിച്ചേരാമെന്നും പറയാറുണ്ടായിരുന്നു. അതുപോലെത്തന്നെ നിന്ന നിൽപ്പിൽ പെട്ടെന്ന് കുഴഞ്ഞ് വീണ് മരണമടയുകയും ചെയ്തു!

വീടിന് ചുറ്റും പൂച്ചെടി വളർത്തലും വിൽപ്പനയുമായി മനസ്സിനാനന്ദവും വരുമാനവും കണ്ടെത്താറുണ്ടായിരുന്ന അവർ സ്ത്രീകൾക്കൊരു ഉത്തമ മാതൃക കൂടിയായിരുന്നു.

**റുഖിയ അബ്ദുല്ലക്കുട്ടി, പറവൂർ**

# അബൂബക്കർ പറളി

**പാലക്കാട്** ജില്ലയിലെ പറളി പി.ജെ ഹൽഖയിലെ പ്രവർത്തകനായിരുന്നു അബൂബക്കർ സാഹിബ്(77). 18 വർഷത്തോളം പ്രവാസ ജീവിതം നയിച്ച് തിരിച്ചുവന്നയുടനെ മഹല്ല് ബഹിഷ്കരണം പോലും വകവെക്കാതെ പ്രസ്ഥാനത്തിൽ അടിയുറച്ചുനിന്ന വ്യക്തിത്വം. പറളി വെൽഫെയർ ട്രസ്റ്റ് ചെയർമാൻ, പി.ജെ അമീർ, പള്ളി പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. പള്ളി നിർമാണത്തിന് നേതൃത്വം കൊടുത്തതും അതിനുള്ള ധനം കണ്ടെത്താൻ മുന്നിട്ടിറങ്ങിയതും അദ്ദേഹമായിരുന്നു. പള്ളിയിൽ ഇമാമും മുഅദ്ദിനുമില്ലെങ്കിൽ ആ ദൗത്യം സസന്തോഷം അദ്ദേഹം ഏറ്റെടുക്കുമായിരുന്നു. എല്ലാ വർഷവും റമദാനിൽ ഇഅ്തികാഫ് ഇരിക്കുമായിരുന്നു. പള്ളിയെ സ്നേഹിക്കുന്നതിൽ പ്രവർത്തകർക്ക് അദ്ദേഹം മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ ശബ്ദ മാധുര്യമുള്ള ബാങ്കും ഖുർആൻ പാരായണവും ജനങ്ങൾക്ക് കുളിർമ നൽകുന്നതായിരുന്നു. ഇതര മതസ്ഥരുമായും നല്ല ബന്ധം കാഴ്ചവെക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഹൽഖയിൽ അദ്ദേഹം കൊണ്ടുവരുന്ന സഹായാപേക്ഷകൾ മിക്കതും ദലിത് കോളനിവാസികളുടെതായിരുന്നു. ഇടക്കിടെ ആ കോളനികളെല്ലാം അദ്ദേഹം സന്ദർശിക്കാറുണ്ടായിരുന്നു. മയ്യിത്ത് കാണാൻവന്ന വയസ്സായ ദലിത് സ്ത്രീകൾ കരഞ്ഞുകൊണ്ടാണ് മടങ്ങിയത്. ഭാര്യയും നാല് മക്കളുമടങ്ങുന്നതാണ് കുടുംബം. ഭാര്യ നബീസ. മക്കൾ സുബൈദ, ആബിദ, അബ്ദുല്ലത്വീഫ്, റഫീഖ്.



**എ.എം അബ്ദുൽ കരീം, പറളി**

# പുന്നയൂർക്കുളം ഖാദർ മാസ്റ്റർ

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന് പുന്നയൂർക്കുളം പ്രദേശത്ത് നേതൃത്വം നൽകിയ വ്യക്തികളിലൊരാളായിരുന്നു പുന്നയൂർക്കുളം ഖാദർ മാസ്റ്റർ. പ്രദേശത്ത് പലരെയും പ്രസ്ഥാന വഴിയിൽ എത്തിച്ചതിൽ മാഷിന്റെ പങ്കു വലുതാണ്. എപ്പോൾ കണ്ടാലും അദ്ദേഹത്തിന്റെ സ്നേഹത്തോടെയുള്ള ഓർമപ്പെടുത്തൽ അതിനൊരു കാരണമാണ്. ആ പ്രദേശത്തുകാർ അദ്ദേഹത്തെ അത്രമേൽ സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ ജനാസയെ പിന്തുടർന്ന ആൾക്കൂട്ടം. അവസാനം കാണുമ്പോൾ തീരെ അവശ നിലയിലായിരുന്നു അദ്ദേഹം. അപ്പോഴും പ്രസ്ഥാനത്തെ കുറിച്ച് മാത്രം സംസാരിച്ചു. പതിഞ്ഞ സ്വരത്തിൽ അദ്ദേഹം പലതും പറഞ്ഞു. ഇതൊരു അവസാന കണ്ടുമുട്ടലാകുമെന്നു കരുതിയില്ല. പക്ഷേ എപ്പോൾ ഭൂമിയിൽ വരണം എന്ന് തീരുമാനിച്ചവൻ തന്നെ എപ്പോൾ ഇവിടെനിന്ന് തിരിച്ചുപോകണം എന്നതും തീരുമാനിക്കുന്നു.



നാട്ടിൽ നന്മ വിളയിക്കുന്ന കാര്യത്തിൽ അദ്ദേഹം ഏവരെയും പിന്നിലാക്കി. ആ മനുഷ്യന്റെ കയ്യൊപ്പ് ചാർത്തിയ പലതും ഇന്നു പുന്നയൂർക്കുളത്ത് കാണാം. മരണ ശേഷവും നിലക്കാത്ത പുണ്യമായി. മക്കളും മരുമക്കളുമെല്ലാം പ്രസ്ഥാന മാർഗത്തിൽ സജീവമാണ്. പുന്നയൂർക്കുളം പോസ്റ്റോഫീസിൽ നിന്നാണ് വിരമിച്ചത്. പൊതുവേ അനാരോഗ്യവാനായിരുന്നു മാസ്റ്ററെങ്കിലും പ്രസ്ഥാന പ്രവർത്തനത്തിന് അതൊരു തടസ്സമായില്ല. പ്രസ്ഥാനം ഏൽപ്പിക്കുന്ന എന്തും അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. 'അവസാന ശ്വാസം വരെ' എന്നത് മാഷിന്റെ കാര്യത്തിൽ ഒരു അലങ്കാര വാക്കല്ല. ഞങ്ങളുടെ ചെറുപ്പ കാലത്ത് പ്രദേശത്തെ പ്രസ്ഥാനം എന്നാൽ ഖാദർ മാഷ് തന്നെയായിരുന്നു.

ഏത് അർഥത്തിലും ഈ മനുഷ്യൻ നല്ല മുൻഗാമി തന്നെ. ജീവിതം കൊണ്ട് സത്യത്തിനും നന്മക്കും കാവൽ നിന്ന വലിയ മനുഷ്യൻ. എപ്പോഴും ചിരിച്ച മുഖവുമായി മാത്രമേ മാഷെ കണ്ടിട്ടുള്ളൂ.

**അബ്ദുസ്സമദ് അണ്ടത്തോട്**

---

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*